സെന്റ് തോമസ് കോളജ് പാലാ ഓട്ടോണമസ്
അരുണാപുരം പി.ഒ., കോട്ടയം 686 574

June 2025
Vol. 1 Issue 4 pages 109-113

പാലൈ
PALAI பாலை
ISSN No: 3049-0316

# ആശാന്റെ സീത അതിജീവനത്തിന്റെ സാഹിത്യശില്പം



**ഫാ. ഡോ. ജോബി ജേക്കബ് ***

**സംഗ്രഹം**

സ്ത്രീവിമോചനപ്രസ്ഥാനങ്ങളോ ജനാധിപത്യമൂല്യവ്യവസ്ഥിതികളോ സമൂഹത്തിന്റെ വ്യവഹാരമണ്ഡലത്തിൽ അന്യമായിരുന്ന ഒരു കാലഘട്ടത്തിൽ ധീരരും സാമൂഹിക സംവിധാനങ്ങളുടെ വിമർശകരും യുക്ത്യധിഷ്ഠിത നിലപാടുകൾ ഉറക്കെപ്പറയുന്നവരുമായ സ്ത്രീകഥാപാത്രങ്ങളെ അവതരിപ്പിച്ചതാണ് കുമാരനാശാന്റെ പ്രതിഭാമൂല്യം. ഈ നായികമാരൊക്കെ ജീവിതസമരങ്ങളെ നേരിട്ടത് അതിജീവനത്വര നിറഞ്ഞ സമരോൽസുകതയോടെയാണ്. മനുസ്മൃതിയുടെ ഇരയായിരുന്ന അയോദ്ധ്യയിലെ സീതയെ പെൺകരുത്തിന്റെ നിത്യമാതൃകയായി ആശാൻ അവതരിപ്പിക്കുന്നു സീതാകാവ്യത്തിൽ.

**താക്കോൽ വാക്കുകൾ:** ആത്മീയമാനവികത - പുരുഷവിചാരണ - അതിജീവനത്വര

## ആമുഖം

കഠിനമായ ജീവിതസന്ദർഭങ്ങളെ നേരിടാനുള്ള സ്വാഭാവികമായ ശ്രമം ജീവജാലങ്ങൾക്കെല്ലാമുണ്ട്. സസ്യലതാദികളും മൃഗപക്ഷിപ്രാണികളും അവയുടെ ജൈവികചോദനയുടെ ഉൾപ്രേരണ ആവിഷകരിക്കുന്നത് പ്രകൃതിയുടെ നിത്യവിസ്മയങ്ങളിൽപ്പെടുന്നു. വിശേഷബുദ്ധിയുള്ള മനുഷ്യരാകട്ടെ, തങ്ങളുടെ ജീവശാസ്ത്രപരമായ നൈസർഗിക പ്രതിരോധങ്ങളും യുക്തിഭദ്രമായ നടപടികളുംകൊണ്ട് വിവിധങ്ങളായ വിഷമാവസ്ഥകളെ തരണംചെയ്യുന്നു. യുക്തിപരമായ നീക്കങ്ങളുടെ പ്രായോഗിക വിജയങ്ങളാണ് ശാസ്ത്രസാങ്കേതികതയുടെ വിജയഗാഥകൾ എന്നതും അനിഷേധ്യസത്യമാണ്. അതിജീവനചരിത്രങ്ങൾ വീരപരിവേഷങ്ങൾ അണിയുന്നതിനുമുൻപ് അവ സാധിച്ച ജീവിതങ്ങൾ നേരിട്ട ശ്രമകരവും അപകടകരവുമായ അനുഭവങ്ങളെക്കുറിച്ച് ആരായുന്നത് സാമാന്യനീതിയുടെ പരിധിയിൽ വരുന്നു. ഇപ്രകാരമുള്ള അതിജീവന ചരിതങ്ങളെ കഥകളും കവിതകളും നാടകങ്ങളും നോവലുകളും ജീവിതചരിത്രങ്ങളുമായി ആഖ്യാനം ചെയ്യുന്നത് സാഹിത്യചരിത്രത്തിൽ സുലഭമാണ്. ജീവനെതിരെ നടന്ന മഹാക്രൂരതയുടെ കാട്ടാളത്തത്തെ 'അരുത്' എന്ന് ഉറക്കെ ശകാരിച്ചു തുടങ്ങിയ ആദികാവ്യത്തിന്റെ നായിക അതിജീവനത്തിന്റെ നിത്യഭാസുര നക്ഷത്രമാണ്. സ്ത്രീപക്ഷവും ദളിത് പക്ഷവും ആധുനിക ചിന്തയുടെ വ്യവഹാരമണ്ഡലങ്ങളിൽ പ്രവേശിക്കുന്നതിനു മുൻപേ കുമാരനാശാൻ രാമായണനായികയെ ഓജസ്സുള്ള സാമൂഹികവിമർശകയും ജീവിതസമരനായികയുമാക്കി.

---

* അസിസ്റ്റന്റ് പ്രൊഫസർ, മലയാള വിഭാഗം, നിർമലഗിരി കോളേജ് (ഓട്ടോണമസ്), കൂത്തുപറമ്പ്

 ISSN No: 3049-0316 

**രാമായണ സ്വാധീനവും സമൂഹവും**

ജവഹർലാൽ നെഹ്റു പുരാതനേന്ത്യയുടെ മഹത്തരങ്ങളായ രണ്ട് ഇതിഹാസങ്ങളെക്കുറിച്ച് – രാമായണത്തെയും മഹാഭാരതത്തെയും കുറിച്ച് – നടത്തിയിട്ടുള്ള പ്രശസ്തമായ ഒരു നിരീക്ഷണമുണ്ട്: "ഈ രണ്ടു ഗ്രന്ഥങ്ങളെപ്പോലെ സാമാന്യജനമനസ്സിൽ അത്ര നിരന്തരമായും വ്യാപകമായും സ്വാധീനത ചെലുത്തിയിട്ടുള്ള മറ്റൊരു പുസ്തകം എവിടെയെങ്കിലുമുള്ളതായി എനിക്കറിഞ്ഞുകൂടാ. അതിദൂരമായ ഒരു പുരാതനകാലത്ത് ജന്മമെടുത്ത അവ ഇന്നും ഇന്ത്യൻ ജനതയുടെ ജീവിതത്തിൽ ഒരു സജീവശക്തിയാണ്. സംസ്കൃതത്തിലുള്ള മൂലഗ്രന്ഥങ്ങൾവഴിക്കല്ല – അവ അല്പം ബുദ്ധിശാലികൾക്കു മാത്രമുള്ളവയാണ്: തർജ്ജമകൾ വഴിയായും രൂപഭേദങ്ങൾ വഴിയായും, പാരമ്പര്യവും പുരാവൃത്തവും പരന്നു പരന്നു ഒരു ജതയുടെ ജീവിതാംബരത്തിന്റെ ഊടും പാവുമായിത്തീർന്ന അസംഖ്യങ്ങളായ മാർഗങ്ങളിലൂടെയും."[1]

ഗുണവാനും വീര്യവാനുമായ പുരുഷനുവേണ്ടിയുള്ള അന്വേഷണത്തിന്റെ ഫലമാണ് രാമായണം. നിരന്തരമായ പകരൽപ്രക്രിയയിലൂടെ ഭാരതഹൃദയങ്ങളിൽ ഇന്ന് പ്രതിഷ്ഠ നേടിയിരിക്കുന്ന രാമായണത്തിൽ സമൂഹത്തിന്റെ നീതിദർശനം പുരുഷതാത്പര്യങ്ങളുടെ അടിസ്ഥാനത്തിലാണ് രൂപപ്പെടുത്തിയിരിക്കുന്നത്. തെല്ലിടപോലും വേർപിരിയാനാവാത്തവിധം ഗാഢമായ പ്രണയബന്ധത്തിൽ തന്റെ ഭാര്യയോട് ചേർന്നുജീവിച്ച ശ്രീരാമന് വനവാസം ക്ലേശഭ്രയിഷ്ഠമല്ലായിരുന്നു.

സുഖദുഃഖങ്ങളിൽ തന്നോടുകൂടിയിരുന്നവളെ ശത്രു അപഹരിച്ചപ്പോൾ ജീവത്യാഗമനസ്സോടെ അവളെ തിരികെ കൊണ്ടുവന്നു. എന്നിട്ടാണ് ലോകത്തോടുള്ള പ്രതിബദ്ധതയുടെ ഭാഗമായി നിർദ്ദോഷയായ അവളെ വനവാസത്തിന് ശിക്ഷിക്കുന്നത്. അതിന് അയാൾ നിർബന്ധിതനാവുകയായിരുന്നു എന്ന് പറയുന്നതാണ് സത്യം. ആര്യജാതിയുടെ വീരനായകനും പുരുഷവർഗത്തിന്റെ അഭിമാനഗോപുരവും രാജനീതിയുടെ കണിശമുള്ള പാലകനുമായി വാഴ്ത്തിപ്പാടാനുള്ള യോഗ്യതയാണ് അതുവഴി അദ്ദേഹം സമാർജിച്ചത്. തുടർന്നിങ്ങോട്ട് മാതൃകാപുരുഷൻ എങ്ങനെയായിരിക്കണം എന്ന പാഠം സമൂഹം ഉൾക്കൊള്ളാൻ ഇത് ആധികാരിക ന്യായപത്രമായി മാറി.

വാല്മീകിരാമായണത്തിന്റെ അനേകം പാഠാന്തരങ്ങളിൽ പ്രമുഖമായ ഉത്തരരാമായണത്തിന്റെ സ്വാധീനത്തിന്റെ ശക്തിയിലാണ് ഈ പുരുഷനീതിവ്യവസ്ഥ ഭാരതത്തിൽ പ്രബലപ്പെട്ടതെന്ന് പറയാം. ഹിന്ദു മതാധികാരികളുടെ സവിശേഷ താത്പര്യപ്രകാരമാണ് അത് എഴുതപ്പെട്ടതെന്ന് കരുതുന്നവരുണ്ട്. "ബ്രാഹ്മണ്യത്തിന്റെ ആധിപത്യം രൂഢമൂലമാവുകയും പുരുഷന് സ്ത്രീയുടെമേലുള്ള അധികാരം പൂർണ്ണമാകുകകയും ചെയ്ത കാലത്ത് വാല്മീകിരാമായണത്തിന് അനുബന്ധമായി പിൽക്കാലത്ത് ആരോ എഴുതിച്ചേർത്തതാണ് ഉത്തരരാമായണം. അതിന്റെ ലക്ഷ്യം ഭരണവ്യവസ്ഥയെ ജാതിവ്യവസ്ഥയായി പ്രതിഷ്ഠിക്കുകയും ചരിത്രത്തിന്റെ പേരിൽ സ്ത്രീയെ പുരുഷമേധാവിത്വത്തിനു വിധേയമാക്കുകയുമായിരുന്നു."[2]

ഇന്ത്യയുടെ ധാർമിക സംസ്കൃതിയുടെ തീരങ്ങളെ പരിപുഷ്ടമാക്കിക്കൊണ്ട് അധർമ മാലിന്യങ്ങളെ കഴുകി മുന്നേറുന്ന രാമകഥയാകുന്ന ഗംഗയെക്കുറിച്ച് നൂറ്റാണ്ടുകൾ വാചാലമാണ്. ഹ്യൂമനിസത്തിന്റെ ഈ കാലത്ത് പ്രപഞ്ചകേന്ദ്രവും സമൂഹകേന്ദ്രവും മനുഷ്യനായിത്തീരുന്നു. എല്ലാം ദൈവികമായിരുന്ന പ്രപഞ്ചദർശനത്തിൽ വിരചിതമായ രാമായണകഥയെ മനുഷ്യരുടെ ലോകത്തിൽ, സ്ത്രീയുടെ ലോകത്തിൽ വ്യാഖ്യാനം ചെയ്യുകയായിരുന്നു ആശാൻ എന്ന് നിസ്സംശയം പറയാം. മുൻവിധികളെയും പാരമ്പര്യധാരണകളെയും ചോദ്യം ചെയ്യാനും ജനാധിപത്യത്തിനും തുല്യ അവകാശത്തിനും സാമൂഹ്യനീതിക്കും മനുഷ്യാന്തസിനുംവേണ്ടി സംസാരിക്കാനും ആർജവമുള്ള മനുഷ്യവ്യക്തിയായി സീതയെ മാറ്റിയതുവഴി രാമകഥയെ കൊളോണിയൽ അധിനിവേശത്തിനെതിരെ ഹ്യൂമനിസത്തിന്റെ പാഠമാക്കി എന്ന് നിരൂപിക്കാം.

ആത്മീയ മാനവികത (Spiritual Humanism)യിലേക്ക് സമൂഹം വളരണമെന്ന് ഉദ്ബോധനമുണ്ട് രാമയണത്തുടർച്ചയായ സീതാകാവ്യത്തിൽ. പുരുഷകേന്ദ്രീകൃത ആത്മീയതയിലും ഭരണനിർവഹണത്തിലും പ്രകൃതിയും സ്ത്രീയും മാനവികതയും എപ്രകാരമാണ് പരിഗണിക്കപ്പെടുന്നത് എന്ന് ചരിത്രം തെളിച്ചു പറയും. സ്ഥിതി ദൗത്യം അഥവാ പരിപാലനം നിർവഹിക്കുന്ന മഹാവിഷ്ണുവിന്റെ അവതാരമായി ഭരണം നിർവഹിക്കുന്ന രാജാവ് പ്രജാസേവനവും സമൂഹസേവനവും നടത്തുമ്പോൾ അദ്ദേഹവും പ്രജകളും തമ്മിലും പ്രജകൾക്കിടയിലും ഭേദബോധം നിഷിദ്ധമാണ്. തന്നിലും അപരനിലും

കുടികൊള്ളുന്ന ഏകചൈതന്യത്തിന്റെ രഞ്ജകത്വത്തിന് നാശം വരുമ്പോഴാണ് നാട്ടിൽ വൈരവും വിലാപവും ഉണ്ടാകുന്നത്. കരുണയുടെയും സ്നേഹത്തിന്റെയും ജൈവഗുണങ്ങൾ മനുഷ്യരിൽ വ്യാപരിക്കുന്ന ഹ്യൂമനിസ്റ്റ് ചിന്തയാൽ പ്രേരിതനായിട്ടാണ് വാല്മീകി ആദികാവ്യത്തിന് മുതിർന്നത് എന്ന് ചിന്തിക്കുമ്പോൾ ഈ ദർശനം കൂടുതൽ വ്യക്തമാകും.

## അയോധ്യയിൽനിന്ന് സമൂഹത്തിലെത്തുന്ന സീത

അതിജീവനപഠനത്തിന്റെ ദൃഷ്ടാന്തമൊത്ത ശില്പമായി ആശാന്റെ സീതയെ ഉപദർശിക്കുന്നതിൽ അനൗചിത്യം ഉണ്ടെന്ന തോന്നുന്നില്ല. ഉഴവുചാലിൽനിന്ന് അയോധ്യയിലേക്കും അയോധ്യയിൽനിന്ന് വനത്തിലേക്കും വനത്തിൽനിന്ന് ലങ്കയിലേക്കും ലങ്കയിൽനിന്ന് വീണ്ടും അയോധ്യയിലേക്കും അവിടെനിന്ന് വീണ്ടും വനത്തിലേക്കും ആനയിക്കപ്പെട്ട സീതാദേവി ഒരു സാധാരണ വീട്ടമ്മയുടെ ഹൃദയവിചാരങ്ങൾ തുറന്നുചൊരിയുന്ന ഉടജാന്തവാടി മലയാളകവിതാസാഹിത്യത്തിലെ ആദ്യത്തെ സ്ത്രീപക്ഷപ്രബന്ധാവതരണത്തിന്റെ വേദിയാണ്. "കാലഘട്ടത്തിന്റെ സ്വാധീനശക്തി സീതാസങ്കൽപത്തിൽ വരുത്തിയ മാറ്റമാണ് കുമാരനാശാന്റെ ചിന്താവിഷ്ടയായ സീതയിൽ പ്രതിഫലിക്കുന്നത്. അവളെ ത്രേതായുഗത്തിലെ മിഥിലാപുരിയിലെ രാജാങ്കണത്തിൽ പിടിച്ചിരുത്തി നോക്കുന്നവർക്ക് പന്തികേട്ട തോന്നും. എന്നാൽ ഈ യുഗത്തിലെ കുലീനകുടുംബത്തിലെ അങ്കണത്തിൽ ഇരുത്തി നോക്കുന്നവർക്കാണെങ്കിൽ തന്റേടവും ഓജസ്സും സൗഭാഗ്യവും നിറഞ്ഞ നായികയായി അവളെ കാണാനൊക്കും."[3]

സീത നടത്തുന്ന നിരന്തരപ്രയാണം സ്ഥലരാശിയിൽ മാത്രമല്ല, ആന്തരിക ലോകത്തു കൂടിയാണ്. ആശാന്റെ കവിതകളിലെ നായികമാരാരും നിശ്ചലരല്ല. ആത്മാവിലും ശരീരത്തിലും അവർ പ്രയാണഗതിയിലാണ്. മനസ്സുകൊണ്ടും ശരീരംകൊണ്ടും സഞ്ചരിക്കുന്നവരാണവർ. താളംകെട്ടിക്കിടക്കുന്ന ലോകത്തിൽ വിലക്കുകളും വിലങ്ങുകളും ഗൗനിക്കാതെ നിരന്തരയാത്രയിലാണ് അവർ. ശ്രീരാമപത്നിയായ സീത കൊട്ടാരം വിട്ട് ജനസമൂഹത്തിൽ എത്തിയത് വാല്മീകിയുടെ ആശ്രമം വഴിയാണ് എന്ന് ആലങ്കാരികമായി പറയാം.

കാഷായജീവിതം മോഹിക്കുകയും ചിന്നസ്വാമിയായി ജീവിതം ആരംഭിക്കുകയും ചെയ്ത ആശാന്റെ ആശ്രമസങ്കൽപം ശ്രീബുദ്ധ പഠനങ്ങളോടും ശ്രീനാരായണഗുരുദേവനോടും കടപ്പെട്ടിരിക്കുന്നു. കൽക്കട്ട ജീവിതം കൊണ്ട് സ്വാമി വിവേകാനന്ദനും ടാഗോറും അദ്ദേഹത്തിന്റെ പ്രിയപ്പെട്ടവരായി. ചണ്ഡാലഭിക്ഷുകിയെ ബുദ്ധന്റെ ആശ്രമത്തിൽ എത്തിച്ച ആശാൻ നളിനിയെയും വാസവദത്തയെയും ആശ്രമവാസികളാക്കുന്നുണ്ട്. വിരക്തരെങ്കിലും ചുറ്റുപാടുകളോട് തുറവിയുള്ളവരും മനസ്സിൽ ആർദ്രത നിലനിർത്താനും സഹജീവികളോട്, പ്രത്യേകിച്ച് അവരിലെ ദുഃഖിതരോട് അനുഭാവത്തോടെ സഹതപിക്കാനും കഴിഞ്ഞവരായ തപോധനരുടെ സന്നിധിയിലാണ് ആശാൻ തന്റെ നായികമാരെ കൊണ്ടുവരുന്നത്. ആശാന്റെ സന്ന്യാസദർശനത്തെ നിർണയിച്ചവരും (ശ്രീബുദ്ധനും ഗുരുസ്വാമികളും സ്വാമി വിവേകാനന്ദനും ടാഗോറും) ആശാന്റെ സന്ന്യാസഭാവന ജന്മംകൊടുത്തവരും (ദിവാകരൻ, ആനന്ദൻ, ഉപഗുപ്തൻ) അനുകമ്പാർദ്രമായ സഹജീവിപരിഗണനയിൽ ആഴപ്പെട്ടവരാണ്.

സ്നേഹത്തിന്റെ പ്രായോഗികതയെയും അനുഭവപരതയെയും ഇന്ദ്രിയസംവേദനക്ഷമതയെയും നിരാകരിക്കാത്ത കഥാപാത്രങ്ങളാണ് ആശാന്റെ നായികമാർ. വനത്തെ അയോധ്യയാക്കുന്നതും അയോധ്യയെ വനമാക്കുന്നതും സ്നേഹത്തിന്റെ വൃദ്ധിക്ഷയങ്ങളാണ്. 'സ്ത്രീയുടെ പുരുഷതുല്യമായ പ്രഭാവത്തെ നിഷേധിക്കുകയും അവളെ ദുരന്തത്തിലേക്ക് അറിഞ്ഞും അറിയാതെയും വീഴ്ത്തുകയും ചെയ്യുന്ന പുരുഷദർശനത്തിൽ പ്രത്യക്ഷപ്പെടുന്ന ഉൽകൃഷ്ടമ്മന്യതയോ അധീശത്വഭാവമോ ക്ഷന്തവ്യമായിക്കരുതരുതാത്തതുകൊണ്ട് അതിനെതിരെയുള്ള കലാപം ആശാന്റെ പ്രധാന കൃതികളിൽ കാണുന്ന വസ്തുധ്വനികളിലൊന്നാണ്.'[4]

## സീതയും പുരുഷവിചാരണയും

മനുസ്മൃതിയിലെ 154-ാം ശ്ലോകത്തിന്റെ നിഷ്ഠുരത ധർമപാഠമാണെന്ന് കരുതിപ്പോന്ന പാരമ്പര്യമാണല്ലോ ഇന്നും ജീർണാവശിഷ്ടങ്ങളായി ബാക്കി നിൽക്കുന്നത്. 'ഭർത്താവ് സദാചാരശൂന്യനോ പരനാരിയിൽ അനുരക്തനോ ഗുണരഹിതനോ ആയാലും പതിവ്രതയായ ഭാര്യയ്ക്ക് അയാൾ ദേവനെപ്പോലെ പൂജ്യനാകുന്നു.' ഈ നീതിസാരത്തിന്റെ ഇരകളാണ് രാമനും സീതയും.

 ISSN No: 3049-0316 

അതുകൊണ്ടാണ് തന്റെ കർത്തവ്യനിഷ്ഠയുടെ ഭാഗമായി സീതാപരിത്യാഗത്തെ രാമൻ കരുതുന്നത്. പട്ടമഹിഷിയെ വനത്തിലേക്ക് അയയ്ക്കുന്ന ക്രൂരനല്ല അദ്ദേഹം. മറിച്ച്,

"അതിസങ്കടമാണു നീതിതൻ -
ഗതി, കഷ്ടം പരതന്ത്രർ മന്നവർ" (ചിന്താവിഷ്ടയായ സീത, 148)

തന്റെ ധർബോധം ധർമശാസ്ത്രത്തിന്റെ നിയമസംഹിതയിൽ തട്ടിത്തകരുന്നതിന്റെ ദുരന്തജീവിതമായാണ് രാജാവ് അനുഭവിക്കുന്നതെന്ന് മനസ്സിലാക്കുന്ന സ്ത്രീയാണ് സീത. സീതാപരിത്യാഗത്തിനുശേഷം സുഖഭോഗങ്ങളിൽനിന്നകന്നും ഒറ്റപ്പെട്ടവനായും കഴിയുന്ന ശ്രീരാമനെക്കുറിച്ച് സഹതാപമുള്ളവളാണ് സീത. സ്ത്രീയെ അടിമപ്പെടുത്താനും അവഹേളിക്കാനും പുരുഷനെ നിർബന്ധിക്കുന്ന രാജ്യനീതിക്കെതിരെ സീതയുടെ കലഹത്തിൽ പുരുഷനോടുള്ള സഹതാപമുണ്ടെന്നു സാരം. ജീവിതത്തിന്റെ സമസ്ത മേഖലകളിലും തനിക്കാണ് അധികാരമെന്നും തന്റെ വളർച്ചയ്ക്കും താൽപര്യത്തിനും ഈശ്വര സാക്ഷാത്കാരത്തിനും സ്ത്രീ തടസ്സമാകരുതെന്നും ചിന്തിക്കുന്ന പുരുഷാഹന്തയുടെ നേർക്ക് കലാപക്കൊടിയുയർത്തിയ നായികമാരിൽ പ്രഥമസ്ഥാനത്ത് നിൽക്കുന്നത് സീതയാണ്. മഹാറാണിപദത്തിൽനിന്ന് പെട്ടെന്നൊരുനാൾ തന്നെ തിരസ്കൃതയാക്കുകയും വനത്തിൽ ഉപേക്ഷിക്കുകയുംചെയ്യുന്ന വ്യവസ്ഥിതിയുടെ കിരാതഭാവത്തെ നിശിതമായി ചോദ്യം ചെയ്യുന്നുണ്ട് സീത. ശ്രീരാമന്റെ ദുഷ്ടമനസ്സല്ല, സമൂഹത്തിന്റെ മൂല്യബോധമാണ് ഈ തിരസ്കാരത്തിന്റെ മൂലകാരണം എന്ന് തിരിച്ചറിയാനുള്ള പരിപാകമാർജിച്ചവളാണ് സീത. സ്ത്രീയെയും കീഴാളനെയും സമൂഹത്തിന്റെ അരികുകൾക്കപ്പുറത്ത് ഉപേക്ഷിക്കുന്ന രാജനീതിയുടെ തുടർച്ച ജനാധിപത്യകാലത്തും അവസാനിക്കുന്നില്ല.

'നെല്ലിൻചുവട്ടിൽ മുളയ്ക്കും – കാട്ടു
പുല്ലല്ല സാധു പുലയൻ'

എന്ന വരികൾ പ്രസിദ്ധമാണ്. സവർണ വർഗത്തിന്റെ മാത്രം അവകാശമായിരുന്ന ആത്മീയ ജീവിതത്തിനെതിരെയും അയിത്ത സമ്പ്രദായത്തിനെതിരെയും സ്ത്രീവിരുദ്ധതയ്ക്കെതിരെയുമുള്ള കലാപമായിരുന്നു ആശാൻ നടത്തിയത്.

'നിരുപിക്കിൽ മയക്കി ഭൂപനെ-
ത്തരുണീ പാദജഗർഹണിശ്രുതി'

എന്ന വാക്കുകളിലൂടെ സവർണരും അഭിജാതരും കുലീനരുമെന്നു സ്വയം പ്രതിഷ്ഠ നടത്തുന്നവരുടെ ക്രൂരനീതികളെയും അവരെ ന്യായീകരിക്കാൻ അവർത്തന്നെ രചിച്ച ധർമശാസ്ത്രത്തെയും സീത വിമർശിക്കുന്നു. സ്ത്രീയെ പുരുഷന്റെ സ്വകാര്യസ്വത്തായി കരുതുന്ന നെറികെട്ട ധർമവ്യവസ്ഥയെയാണ് അവളുടെ വിമർശനം മുഖ്യമായി ലക്ഷ്യമിടുന്നത്.

ആശാന്റെ മറ്റേതൊരു നായികയെയുംപോലെ സീതാഭർത്താവും സിസംഗതയുടെ മൂർത്തരൂപമാണെന്ന് കരുതാം. മനുഷ്യത്വത്തിന്റെ പരിപാകത അവരിൽ അദൃശ്യമാണെന്ന് ചിന്തിക്കേണ്ട. വ്യക്തിനിഷ്ഠമായ സുഖഭോഗപരതിൽനിന്ന് വിമുക്തരായി നിത്യസത്യത്തിലേക്കുള്ള തീർത്ഥാടനത്തിൽ സ്ഥിതപ്രജ്ഞരായി മുന്നേറുന്നവരാണ് അവർ. അവരുടെ നായികമാരാകട്ടെ, വികാരനിർഭരമായി പ്രതികരിക്കുന്നവരും. വിരുദ്ധഭാവങ്ങളുടെ ഈ സംഘർഷം കൃതികളിലെല്ലാം ഉണ്ട്. പക്ഷെ, സംഘർഷം കലാപത്തിലേക്കും നിരാശയിലേക്കും അധഃപതിക്കുന്നില്ലെന്ന് നാം തിരിച്ചറിയുന്നു. വീണപൂവ് ഒടുവിലെത്തുന്ന 'തമസപരമാം പദത്തിൽ' താനും എത്തുമ്പോൾ അവിടെ ശ്രീരാമനും എത്തുമെന്ന ഉറപ്പുള്ള പ്രത്യാശയിലാണ് സീത.

'രുജയാൽ പരിപക്വസത്വനായി
നിജഭാരങ്ങളൊഴിഞ്ഞു ധന്യനായി
അജപൗത്രഭവാനമെത്തുമേ
ഭജമാനൈക വിഭാവ്യമിപ്പദം' (185)

വെറുപ്പിന്റെ ജൽപനങ്ങളല്ല, സത്യനിഷ്ഠയുടെയും ആദർശശുദ്ധിയുടെയും സർവാശ്ലേഷത്തിന്റെയും ഉദാത്തനന്മകൾ ഉറക്കെപ്പറയുന്ന സ്ത്രീയായി സീത നിലകൊള്ളുന്നു.

ശ്രീരാമനെയല്ലാതെ മറ്റാരെയും സ്മരിച്ചിട്ടല്ലായെങ്കിൽ, മനസ്സാ വാചാ കർമണാ ചാരിത്ര്യവതിയാണെങ്കിൽ, ഭർത്താവിനെ മാത്രമേ ഓർത്തിട്ടുള്ളൂ എന്ന ചൊല്ല് സത്യമാണെങ്കിൽ ഒരു അമ്മയുടെയും സ്ത്രീയുടെയും അഭിമാനം രക്ഷിക്കാൻ വേണ്ടി... ഇവൾക്കൊരു പഴുതു തരൂ അമ്മേ! ഇവളെ സ്വീകരിക്കൂ! എന്നു പറഞ്ഞ് സാഷ്ടാംഗപ്രണാമം പോലെ നിലത്തുവീണ സീതയെ ഏറ്റുവാങ്ങാൻ സർവംസഹയായ ഭൂമിമാതാവ് തന്റെ ഹൃദയം പിളർന്നു. ആ മാറിനുള്ളിലേക്ക് അന്തർധാനം ചെയ്തത് സീതയെന്ന സ്ത്രീയാണ്. പക്ഷേ, അവളുടെ ആദർശവും കരുത്തും പുരുഷന്റെ ധർമനീതിയുടെ മുൻപിൽ യുഗയുഗാന്തരങ്ങളായി ജീവത്തായി നിലകൊള്ളുന്നു.

വിശ്വനാരീത്വത്തിന്റെ അനശ്വര മാതൃകയായി സീത നിലകൊള്ളുന്നത് ഈ ധീരതയിലാണ്. കണ്ണീരിന്റെ പുത്രിയായ സാധു സ്ത്രീയായി സീതയെ സഹതാപത്തോടെ നോക്കുന്നവർ പെൺകരുത്തിന്റെ ഈ നിത്യമാതൃകയുടെ വ്യക്തിത്വമികവിനെ സൂക്ഷ്മമായി പഠിക്കാത്തവരാണ്. തന്നെക്കൂടാതെ വനവാസത്തിനുപോകാൻ തുനിയുന്ന രാമനെ 'ആണിൻ മെയ്യുണ്ട പെണ്ണെ'ന്നുപോലും അവൾ വിളിക്കുന്നു. രാമൻ സ്വർണമാനിനെ പിടിക്കാൻ പോയ നേരത്ത് ലക്ഷ്മണനോട് കയർത്തു സംസാരിക്കുമ്പോഴും രാവണനോട് ചെറുത്തുനിൽക്കുമ്പോഴും വാല്മീകി ആശ്രമത്തിൽ പക്വതയോടെ ജീവിക്കുമ്പോഴും രാമനെ സ്വമനസ്സിൽ വിചാരണ ചെയ്യുമ്പോഴും സീത ധീരയും ശക്തയുമാണ്.

സീത സ്ത്രീയാണ്; അവളെ വിണ്ണിലെ ദേവിയായി നമസ്കരിക്കാനല്ല, മണ്ണിലെ സ്ത്രീയായി അനുകരിക്കാനുള്ള ആർജവത്വം മലയാളിക്ക് നൽകാനാണ് ആശാൻ ശ്രമിച്ചത്. ലളിതാംബിക അന്തർജനത്തിന്റെ പ്രാർത്ഥന: "മണ്ണിന്റെ മകളേ, അങ്ങ് അങ്ങയുടേതായ എല്ലാ സുഖദുഃഖങ്ങളോടുംകൂടി ഞങ്ങളിൽ കുടികൊള്ളുന്നു എന്ന പരമാർത്ഥം ഞാൻ അറിയുന്നു. ചരിത്രസത്യമെങ്കിൽ ആവട്ടെ, കാവ്യസങ്കൽപമെങ്കിൽ ആവട്ടെ, ദേവീ! വന്നാലും, വരം തന്നാലും. യുഗപ്രതിഭകളെക്കടന്ന് ഒരിക്കൽക്കൂടി, ഒരിക്കൽക്കൂടിയെങ്കിലും ആ മനോഹരമായ വ്യക്തിപ്രഭാവം ഞങ്ങളിലേക്ക് ഒഴുക്കിയാലും."[5] പുരുഷനീയുടെ ക്രൂരവാഴ്ചയിൽ പൂതലിച്ച് മണ്ണടരുകളിൽ തിരോഭവിക്കാത്ത സ്ത്രൈണോർജത്തിനുവേണ്ടി സകല യുഗങ്ങളിലെയും വനിതകളുടെ പ്രാർത്ഥനയാണിത്.

## ഉപസംഹാരം

'അതിനിന്ദ്യമീ നരത്വം' എന്നു പ്രലപിക്കുമ്പോഴും മനുഷ്യജീവിതത്തിന്റെ ശ്രേഷ്ഠഭാവങ്ങളെക്കുറിച്ച് ആശാന് വ്യക്തതയുണ്ട്. നന്മയെയും ശുഭകരമായ ഭാവിയെയും കൊതിക്കുന്നതുകൊണ്ടാണല്ലോ ജീവിതദുരന്തങ്ങളെക്കുറിച്ച് ഖേദവും നിരാശയും തോന്നുന്നത്. അതിനാൽ ദുഃഖസാഹചര്യങ്ങളെ അതിജീവിക്കാനുള്ള നിരന്തരശ്രമത്തിൽ മനുഷ്യർ ഏർപ്പെട്ടുകൊണ്ടിരിക്കും. അതിജീവനത്വരയെന്ന് നമുക്കതിനെ വിളിക്കാം. ഐഹികമായ സുഖാന്വേഷണവും അതിൽനിന്നുണ്ടാകുന്ന ദുഃഖാനുഭവങ്ങളും വിവേചിച്ചറിഞ്ഞ് ഉദാത്തമായ ജീവിതഗതി പ്രാപിക്കാനുള്ള നിശ്ചയത്തിലെത്തുന്ന സീതയുടെ വാക്കുകൾ ഇങ്ങനെയാണ്.

വിനയാർന്ന സുഖം കൊതിക്കയി-
ല്ലിനിമേൽ ഞാനസുഖം വരിക്കുവൻ

ഇനിയങ്ങോട്ട് അസുഖം വരിച്ചു നശിക്കാൻ താനൊരുക്കമല്ലെന്ന ദൃഢപ്രഖ്യാപനമാണിത്. യഥാർത്ഥമായ ഉൽക്കർഷേച്ഛയുടെ വാക്കുകളാണിത്.

## കുറിപ്പുകൾ

1. ജവഹർലാലൽ നെഹ്റു, ഇന്ത്യയെ കണ്ടെത്തൽ, മാതൃഭൂമി ബുക്സ്, കോഴിക്കോട്, 2011, പുറം 113.
2. തായാട്ട് ശങ്കരൻ, ആശാൻ നവോത്ഥാനത്തിന്റെ കവി, സാഹിത്യപ്രവർത്തക സഹകരണസംഘം, കോട്ടയം, 1973, പുറം 163.
3. അതേ പുസ്തകം, പുറം 126.
4. എം. ലീലാവതി, ആശാന്റെ കാവ്യങ്ങളിലെ സ്ത്രീപക്ഷവാദം, സൂര്യതേജസ് ആശാൻ കവിതാപഠനങ്ങൾ, ആശാൻ മെമ്മോറിയൽ അസോസിയേഷൻ (രജി.), ചെന്നൈ, 1999.
5. ലളിതാംബിക അന്തർജനം, സീത മുതൽ സത്യവതി വരെ, കറന്റ് ബുക്സ്, 2007, പുറം 15.